**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 455** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പകളുടെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ഗ്യാരണ്ടിയിൽ വൻതോതിൽ വായ്പ എടുത്തിട്ടുള്ള കിഫ്ബി, ഉൽപാദനക്ഷമമായ പദ്ധതികളിലൂടെ വായ്പ തിരിച്ചടവിനുള്ള വരുമാനമാർഗങ്ങൾ സ്വന്തമായി കണ്ടെത്തും എന്ന വ്യവസ്ഥയിലാണോ രൂപീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ പദ്ധതികളിൽ പണം മുടക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായണ് കിഫ്ബി രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിലേക്കായി പണം കണ്ടെത്തുന്ന മാർഗ്ഗങ്ങളിന്മേൽ പ്രത്യേകമായ നിയന്ത്രണങ്ങളോ മാനദണ്ഡങ്ങളോ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. രാജ്യത്ത് നിലനിൽക്കുന്നതും റിസർവ്വ് ബാങ്ക് സെബി തുടങ്ങിയ നിയന്ത്രണ ഏജൻസികൾ അനുശാസിക്കുന്ന നിയമങ്ങൾക്കുള്ളിൽ നിന്നു കൊണ്ട് കിഫ്ബിയ്ക്ക് ധനസമാഹരണം നടത്താവുന്നതാണ്. കൂടാതെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള 73000 കോടിയിൽപരം വരുന്ന പദ്ധതികളിൽ 25% മേൽ പദ്ധതികൾ വരുമാനദായകമായവയാണ്. ഇതും കിഫ്ബിയുടെ ഒരു വരുമാനമാർഗ്ഗമാണ്. |
| (ബി) | വായ്പയിലൂടെ എത്ര തുക നാളിതുവരെ കിഫ്ബി സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക മേൽപ്പറഞ്ഞ ഉൽപാദനക്ഷമമായ പദ്ധതികൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ജൂലൈ 2022 ലെ കണക്കുകൾ പ്രകാരം 18000 കോടിയില്പരം രൂപ വിവിധ സ്രോതസ്സുകളിലൂടെ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. ഇവയിൽ 5779 കോടിയോളം രൂപ വരുമാനദായകമായ പദ്ധതികളിലേക്കാണ് നൽകിയിട്ടുള്ളത്. ഇതിൽ 729.95 കോടി രൂപ ഈ പദ്ധതികളിൽ നിന്നുമായി തിരികെ ലഭിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബി വായ്പകളുടെ തിരിച്ചടവ് ബാധ്യത സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ ഭാഗമായി കണക്കാക്കിയിരിക്കുന്ന സാഹചര്യത്തിൽ, കിഫ്ബി മുഖേന ചെലവഴിക്കുന്ന തുകയുടെ നിശ്ചിത ശതമാനം വരുമാനം ഉറപ്പാക്കുന്ന ഉത്പാദനക്ഷമമായ പദ്ധതികൾക്കായി വിനിയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും വായ്പ തുക ഉപയോഗിച്ച് പരസ്യങ്ങൾ നൽകുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ ഒഴിവാക്കുന്നതിനും എന്ത് | (സി) | മേൽ സൂചിപ്പിച്ചപോലെ വരുമാനദായകമായ പദ്ധതികളും സാമൂഹ്യ പദ്ധതികളും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഐറ്റി പാർക്കുകൾ ഇൻഡസ്ട്രിയൽ പാർക്കുകൾ ട്രാൻസ്ഗ്രിഡ് പോലുള്ളവ വരുമാനദായകമായ പദ്ധതികളിൽ ചിലതാണ്. സ്കൂളുകൾ, ആശുപത്രികൾ, റോഡുകൾ, പാലങ്ങൾ, ജലസേചനം പോലെയുള്ളവയാകട്ടെ സാമൂഹ്യ പദ്ധതികളിൽ ഉൾപ്പെടുന്നവയും . കിഫ്ബിയ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനങ്ങളിൽ നിന്നു കൊണ്ട് ഈ പദ്ധതികൾക്കായ് ലഭ്യമാക്കുന്ന |

| | | | |
|---|---|---|---|
| | സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | | വായ്പ്പകളുടെ തിരിച്ചടവ് പ്രായോഗികമാണ്. കിഫ്ബി വായ്പ്പകളിലൂടെ കണ്ടെത്തുന്ന തുക പദ്ധതി നിർവ്വഹണത്തിനു മാത്രമാണ് പ്രയോജനപ്പെടുത്തുന്നത്. ഇത് കിഫ്ബിയുടെ ദൈനംദിന പ്രവർത്തന ചെലവുകൾക്കായി ഉപയോഗിക്കാറില്ല.<br><br>73,000 കോടിയില്പരം രൂപയുടെ ബൃഹത്തായ പദ്ധതികളാണ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്നത്. ധനവിപണിയിൽ നിന്നും ഇത്രയും വലിയ നിക്ഷേപം കണ്ടെത്തുന്നതിന് വലിയ രീതിയിലുള്ള നിക്ഷേപക വിശ്വസ്യത ആവശ്യമാണ്. വളരെ ചുരുങ്ങിയ കാലയളവിൽ തന്നെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപ സമൂഹത്തിന്റെ വിശ്വാസ്യത നേടിയെടുക്കുവാൻ കിഫ്ബിയ്ക്ക് അതിന്റെ പ്രവർത്തന മികവിലൂടെ സാധിച്ചു. എന്നാൽ കിഫ്ബിയെ സംബന്ധിച്ച് പൊതുസമൂഹത്തിനും നിക്ഷേപകർക്കുമുള്ള ഈ വിശ്വാസ്യത തകർക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങളെ അട്ടിമറിക്കുന്നതിനുമായുള്ള ശ്രമങ്ങൾ പല കോണുകളിൽ നിന്നും നിരന്തരമായി വരുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ സാഹചര്യത്തിലാണ് കിഫ്ബിയ്ക്ക് മീഡിയ പ്രവർത്തനങ്ങൾക്ക് നേരിയ പ്രാധാന്യം കൊടുക്കേണ്ടിവന്നത്. ഇതുവഴി ചില മാധ്യമങ്ങളിലൂടെ നിരന്തരം വന്നുകൊണ്ടിരുന്ന വ്യാജവാർത്തകളും അവയിലെ പൊള്ളത്തരങ്ങളും പൊതുജനങ്ങളുടെയും നിക്ഷേപകരുടെയും മുന്നിൽ യഥാസമയം തുറന്ന് കാട്ടുന്നതിന് സാധിച്ചു. വസ്തുതകളും വിശദീകരണങ്ങളും പദ്ധതി പുരോഗതിയും സംബന്ധിക്കുന്ന വിവരങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഇത് പ്രയോജനപ്പെട്ടു. കിഫ്ബിയുടെ ധനസമാഹരണ പ്രവർത്തനങ്ങളെ തടസമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഇത് സുപ്രധാനമായ ഒരു ഘടകമായിരുന്നു.<br><br>സർക്കാർ അംഗീകരിച്ചിട്ടുള്ള മീഡിയ മാനേജ്മെന്റ് ഗ്രൂപ്പാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. കിഫ് ബോർഡ് അംഗീകരിച്ച ബജറ്റിനുള്ളിൽ നിന്നുകൊണ്ടാണ് മീഡിയ ചെലവുകളും നടത്തിവരുന്നത്. സർക്കാർ I&PRD അംഗീകരിച്ച റേറ്റുകളിൽ അടിസ്ഥാനമാക്കിയാണ് കിഫ്ബിയിലെ മീഡിയ ചെലവുകളും അംഗീകരിച്ച് നൽകിവരുന്നത്. ഇത്തരത്തിൽ കൃത്യമായ സംവിധാനം മീഡിയ മാനേജ്മെന്റിനായി കിഫ്ബിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ